ശ്രീ. പി. ഭാസ്ക്കരൻ: മഴക്കാലത്ത് എങ്ങനെ വരൾച്ച സംഭവിച്ചുവെന്നുള്ളതാണ് എന്റെ ചോദ്യം. ഇത് അടിയന്തിരമായി മാറ്റാൻ ബഹുജനപ്രക്ഷോഭം അവസാനിപ്പിക്കാം. അവിടെ പൈപ്പ് വാങ്ങുന്നതിന് അനുകൂലമായി ആളുകളുടെ വികാരം തിരിച്ചുവിടാം. പൈപ്പുകൾ അടിയന്തിരമായി ആവശ്യമാണ്. അടിയന്തിരമായി പൈപ്പുകൾ ഇടണം. പഴയ പൈപ്പുകൾ മാറ്റണം. മഴക്കാലത്ത് വെള്ളം കിട്ടുന്നില്ലെന്ന് പറഞ്ഞാൽ വിരോധാഭാസമാണ്. അതിന് പൈപ്പ് വാങ്ങുന്നതിനെതിരെ ഒരു സമരവും ഉണ്ടാകില്ലയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പുനൽകാം.

ശ്രീ. എം. പി. ഗംഗാധരൻ: കണ്ണൂർ, മാഹി, തലശ്ശേരി തുടങ്ങിയ പട്ടണങ്ങളിൽ ശുദ്ധജലം എത്തിക്കാൻ ഞാൻ പറഞ്ഞതുപോലെ താൽക്കാലിക നടപടികൾ എടുത്തിട്ടുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ)

IV. സബ്മിഷൻ

1. മയ്യനാട്, താന്നി പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ പണി

ശ്രീ. ആർ. എസ്. ഉണ്ണി: സർ, കൊല്ലം താലൂക്കിൽ മയ്യനാട്, താന്നി തുടങ്ങിയ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം പണിയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് ഒരു വ്യാഴവട്ടക്കാലത്തിനുമേലായി. ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഫിഷറീസ് മന്ത്രിയായിരുന്ന കാലത്തും, അദ്ദേഹം പൊതുമരാമത്തുവകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലത്തുമൊക്കെ ഇതിനുള്ളശ്രമം നടത്തിയിരുന്നു. ബഡ്ജറ്റിൽ ഇതിനൊരു ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടും വർഷങ്ങളേറെയായി. പാലത്തിന്റെ വിശദമായ ഒരു ഇൻവെസ്റ്റിഗേഷനുശേഷം അതിന്റെ ഡിസൈൻ തയ്യാറാക്കി, എസ്റ്റിമേറ്റ് തയ്യാറാക്കി. ഇതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും കൊടുത്തിട്ടുണ്ട്. ഇതുവരെ ടെന്റർ വിളിച്ചിട്ടില്ല. പാലത്തിനാവശ്യമായിട്ടുള്ള, അപ്രോച്ച് റോഡിനുള്ള സ്ഥലം ബഹുജനങ്ങൾ അഡ്വാൻസായി ഡിപ്പാർട്ട്മെന്റിന് വിട്ടുകൊടുത്തു. നല്ല കായ്ക്കുന്ന തെങ്ങുകൾ ഉണ്ടായിരുന്ന പ്രദേശമാണ്. ആ സ്ഥലം ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തു. ആ തെങ്ങുകളൊക്കെ ഡിപ്പാർട്ടുമെന്റ് വെട്ടിമുറിച്ചു. ആ സ്ഥലം ഇപ്പോൾ ഡിപ്പാർട്ടുമെന്റിന്റെ കൈവശമാണ്. ആ പാലത്തിന് ടെന്റർ വിളിച്ച് പാലത്തിന്റെ പണി ആരംഭിക്കണം. ടെന്റർ വിളിച്ച് പണിക്ക് കരാറുകാരെ ഏർപ്പെടുത്തിയോ? ഇല്ലെങ്കിൽ കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഈ പണി ഏല്പിച്ചോ? പാലം പണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രിയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ ആർ. എസ്. ഉണ്ണി പറഞ്ഞതുപോലെ ഇത് വളരെക്കൊല്ലങ്ങൾക്കുമുമ്പ് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്ന് എന്റെ കൈയിൽ ഈ വകുപ്പ് ഇല്ലായിരുന്നു. ഇതിന് സാങ്കേതികാനുമതി നൽകിയത് 1981-ലാണ്. ഭരണാനുമതി നൽകിയ 1981-ൽ ത്തന്നെ ഏകദേശം 59 ലക്ഷത്തോളം രൂപ ചെലവുവരുന്ന ഒരു പാലമായിരുന്നു ഇത്. അന്ന് ടെക്നിക്കൽ സാങ്ഷൻ നൽകിയത് 68 ലക്ഷം രൂപയ്ക്കാണ്. ഇന്ന് അത് തീർക്കണമെങ്കിൽ 80 ലക്ഷം രൂപ വേണം. എന്നാലും 1981-ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രത്യേകമായ അനുമതിക്കുവേണ്ടി ചീഫ് എഞ്ചിനീയർ ഗവൺമെന്റിലേക്ക് അയച്ചുകഴിഞ്ഞിരിക്കുകയാണ്. ഇക്കൊല്ലം ഇതിനുവേണ്ടി അഞ്ചുലക്ഷത്തിഎൺപത്തൊന്നായിരം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിന് പ്രത്യേക അനുമതിയിലേക്ക് അയച്ചിട്ടുള്ള കാര്യം പരിശോധിച്ചുകഴിഞ്ഞാൽ ഉടനടി വേണ്ട നടപടികൾ എടുക്കുന്നതാണ്.

2. റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ച്

ശ്രീ. പി. പി. തങ്കച്ചൻ: സർ; കേരളത്തിലുള്ള ലക്ഷക്കണക്കിനുവരുന്ന റേഷൻകാർഡുടമകൾ ഇന്ന് വലിയ ബുദ്ധിമുട്ടിലാണ്. ഈ റേഷൻ കാർഡുകൾ പുതുക്കിക്കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പലവട്ടം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ തീയതിയും പ്രഖ്യാപിച്ചിരുന്നു. ആ തീയതികളൊക്കെക്കഴിഞ്ഞു. റേഷൻ കാർഡുകൾ ഇതുവരെ പുതുക്കിക്കൊടുത്തിട്ടില്ല. വീടുവീടാന്തരം അംഗങ്ങളുടെ എണ്ണത്തിൽ വന്നിട്ടുള്ള കൂടുതൽ, പ്രായപൂർത്തിവന്നിട്ടുള്ളവരുടെ കൂടുതൽ, ഈ വിവരങ്ങളൊന്നുമില്ലാത്തതിനാൽ റേഷൻ കാർഡുകൾ ശേഖരിക്കാൻ കഴിയുന്നില്ല. റേഷൻ കാർഡില്ലാത്ത ആളുകൾക്ക് പുതിയ റേഷൻ കാർഡുകൾ കൊടുക്കുവാൻ കഴിയുന്നില്ല. ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ മന്ത്രി പറയുന്നത് മന്ത്രിയുടെ ഭാഗത്തുനിന്നുള്ള തടസ്സമല്ല, ഗവൺമെന്റ് പ്രസ്സിൽനിന്ന് അച്ചടിച്ചുകിട്ടുന്നതിനുള്ള കാലതാമസമെന്നാണ്. അങ്ങനെയാണെങ്കിൽ ഇതുവളരെ കഷ്ടമാണ്. ഈ വർഷത്തെ ബഡ്ജറ്റുപ്രസംഗംപോലും സമയത്തിന് ഗവൺമെന്റ് പ്രസ്സിൽനിന്ന് അച്ചടിച്ചുകിട്ടിയില്ലെന്നാണ് പറയുന്നത്. വളരെ ഗൗരവമായി ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് ലക്ഷക്കണക്കിനുവരുന്ന ആളുകളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വളരെ അടിയന്തിരമായി ഈ പ്രശ്നത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly